# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *155 — 17-12-2012-ൽ മറുപടിയ്ക്ക്

### ദേശീയ-സംസ്ഥാന പാതകളിലെ പോലീസ് നിരീക്ഷണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. ബെന്നി ബഹനാൻ :<br>ശ്രീ. കെ. ശിവദാസൻ നായർ : | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ദേശീയ സംസ്ഥാന പാതകൾ പൂർണ്ണമായും പോലീസ് നിരീക്ഷണത്തിലാക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;<br><br>(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തെല്ലാമാണ് ; | (എ) & (ബി) | 14.09.2012-ലെ സർക്കാർ ഉത്തരവ് (സാധാ) നം.2744/12/ആഭ്യ. പ്രകാരം 525 കിലോമീറ്റർ ദൈർഘ്യമുള്ള അപകടസാദ്ധ്യത ഏറ്റവും കൂടുതലായി കണ്ടെത്തിയിട്ടുള്ള പാതകളുടെ ഇരുവശങ്ങളിലുമായി ഘട്ടം ഘട്ടമായി സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ സ്ഥാപിക്കുവാനും ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 100 ക്യാമറകൾ സ്ഥാപിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ദേശീയ സംസ്ഥാന പാതകൾ പോലീസ് നിരീക്ഷണത്തിലാക്കുന്നതിനുള്ള നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഘട്ടം ഘട്ടമായി ദേശീയ സംസ്ഥാന പാതകൾ പൂർണ്ണമായും പോലീസ് നീരീക്ഷണത്തിലാക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. |

| | |
|---|---|
| **(സി)** റോഡപകടങ്ങളുടെ എണ്ണം കുറയ്ക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | **(സി)** റോഡപകടങ്ങൾ ഉണ്ടാകുന്നതിന്റെ പ്രധാന കാരണം വാഹനങ്ങളുടെ അമിത വേഗതയാണ്. ക്യാമറകൾ സ്ഥാപിക്കുന്നതോടുകൂടി അമിത വേഗതയും മറ്റ് ട്രാഫിക് നിയമ ലംഘനങ്ങളും സ്പീഡ് ഡിറ്റക്ഷൻ ക്യാമറകളിലൂടെ രേഖപ്പെടുത്തി, പിഴ ഈടാക്കി പൊതുജനങ്ങൾക്കിടയിൽ ഫലപ്രദമായ രീതിയിൽ അവബോധം സൃഷ്ടിക്കുന്നതിനും അതുവഴി റോഡപകടങ്ങൾ കുറയ്ക്കുന്നതിനും സാധിക്കുമെന്നു കരുതുന്നു. |
| **(ഡി)** ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ? | **(ഡി)** കെൽട്രോണിനെയാണ് ഈ പദ്ധതിയുടെ നടത്തിപ്പിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ